**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5008** **20-03-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അധ്യാപക നിയമനാംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം അംഗീകരിക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | KERഅധ്യായം XIV A ചട്ടം 8 (2) പ്രകാരം വിദ്യാഭ്യാസ ആഫീസുകളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര അപേക്ഷകളിൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതാണ്. നിയമനാംഗീകാരം സംബന്ധിച്ച് സർക്കാരും വകുപ്പും ആവശ്യമായ ഉത്തരവുകൾ/നിർദേശങ്ങൾ എന്നിവ അതാത് സമയം വിദ്യാഭ്യാസ ആഫീസർമാർക്ക് നൽകുകയും ഇതുമായി ബന്ധപ്പെട്ട നടപടികൾ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. അദാലത്തുകൾ നടത്തി നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഫയലുകളിൽ അടിയന്തിര തീർപ്പും നൽകുന്നുണ്ട്. |
| (ബി) | ജീവനക്കാരുടെ നിയമനം അംഗീകരിക്കാതെ മൂന്നും നാലും കൊല്ലം ശമ്പളം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | കേരള വിദ്യാഭ്യാസ ആക്ടിലെ വകുപ്പ്-11, KER അധ്യായം XIV A ചട്ടം 1, 7, 8 എന്നിവ പ്രകാരം, എയ്ഡഡ് സ്കൂളിലെ നിയമനം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രസ്തുത സ്കൂൾ മാനേജർ ആണ് നടത്തുന്നത്. ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിച്ചാണ് മാനേജർമാർ നിയമനം നടത്തുന്നതെങ്കിൽ അവയ്ക്ക് വിദ്യാഭ്യാസ അഫീസർമാർ യഥാസമയം അംഗീകാരം നൽകുന്നുണ്ട്. ചട്ടങ്ങൾ പാലിക്കാതെ നടത്തുന്ന നിയമനങ്ങളാണ് അംഗീകരിക്കപ്പെടാതിരിക്കുന്നത്. |
| (സി) | ബോധപൂർവ്വം നിയമനം അംഗീകരിക്കാതെ നീട്ടിക്കൊണ്ടുപോകുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ ശിക്ഷാ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (സി) | ബോധപൂർവ്വം നിയമനം അംഗീകരിക്കാതെ നീട്ടിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽ വന്നിട്ടുള്ളതോ പരാതികൾ ലഭിച്ചിട്ടുള്ളതോ ആയ കേസുകളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും കുറ്റക്കാരെന്ന് കണ്ടാൽ അച്ചടക്കനടപടികൾക്ക് വിധേയരാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ